Deshabhimani 17.01.18

# ബോബ് മർലിയെ അറിയാമോ...!!!

ബോബ് മെർലിയെ അറിയാത്ത കൂട്ടുകാരുണ്ടാവില്ലല്ലോ... ലോകം അറിയപ്പെടുന്ന ജമൈക്കൻ സംഗീതജ്ഞനാണ് അദ്ദേഹം.. ഇതാ അദ്ദേഹത്തിന്റെ പേര് സ്വന്തമാക്കിക്കൊണ്ട് മറ്റൊരു അതിഥി വന്നെത്തിയിരിക്കുന്നു. ആരാണെന്നല്ലേ.... ആളൊരു ചിലന്തിയാണ്. നല്ല ചുവചുവപ്പൻ കടൽച്ചിലന്തി. കക്ഷിയാവട്ടെ ബോബ് മർലിയുടെ നാട്ടുകാരനുമല്ല. ആസ്ട്രേലിയയിൽ കണ്ടെത്തിയ പുതിയ ചിലന്തി വിഭാഗത്തിനാണ് ബോബ്മർലിയുടെ പേര് നൽകിയത്. ബോബ് മെർലിയുടെ ഹൈ റൈഡ് ലോ റൈഡ് എന്ന പാട്ടിൽനിന്നു പ്രചോദനമുൾക്കൊണ്ടാണ് ഇവയ്ക്ക് ഈ പേര് നൽകിയത്. ഇന്റർ റൈഡൽ സ്പൈഡേഴ്സ് വിഭാഗത്തിൽപെട്ടതാണ് ഈ ചിലന്തികൾ. ദേസിസ് ബോബ് മർലി എന്നതാണ് ഇവയ്ക്ക് നൽകിയ ശാസ്ത്രീയ നാമം.

വെള്ളത്തിലും കരയിലുമായി ജീവിക്കുന്നവയാണ് ഈ ചിലന്തികൾ. 2009ൽ ആസ്ട്രേലിയയിലെ ക്യൂൻസ്‌ലൻഡ് മേഖലയിൽ കടൽ വലിയതോതിൽ പിൻവാങ്ങിയിരുന്നു. കടൽ പൂർണ്ണമായി പിൻവാങ്ങിയതോടെ ഇവയുടെ നിലനിൽപ്പ് പ്രശ്നമായി. അതോടെ പഴയ ചിലന്തി വർഗത്തിൽനിന്ന് പൂർണമായും കരയിൽ ജീവിക്കാൻ കഴിയുന്ന തരത്തിലേക്ക് ഇവയ്ക്ക് പരിണാമം സംഭവിച്ചു. ഈ വർഗത്തിനാണ് ഗവേഷകർ ബോബ് മെർലിയുടെ പേരിട്ടത്.

കടൽ പിൻവാങ്ങുന്നതിനുമുൻപ് കടലിനടിയിലുള്ള പാറക്കെട്ടുകൾക്കിടയിൽ ജീവിച്ചിരുന്നവയാണിവയെന്നാണ് ഗവേഷകരുടെ നിഗമനം. വേലിയിറക്ക സമയത്ത് വെള്ളം പിൻവാങ്ങുമ്പോൾ ഇവ പാറകൾക്ക് മുകളിലെത്തും. ഇങ്ങനെ ഇവയുടെ ജീവിതചര്യ വേലിയേറ്റവും വേലിയിറക്കവുമായി ബന്ധപ്പെട്ടതാണ്. വെള്ളത്തിനടിയിലായിരിക്കുമ്പോൾ പാറക്കെട്ടുകൾക്കരികിൽ രൂപപ്പെടുന്ന കുമിളകളിൽനിന്നാണ് ഇവ ശ്വസിക്കുക.

ചുവപ്പും തവിട്ടും കലർന്ന നിറത്തിലാണ് ഇവയുടെ ശരീരം. കാലുകൾക്കാവട്ടെ ഓറഞ്ച് നിറമാണ്. മറ്റെല്ലാ ചിലന്തി വിഭാഗങ്ങളെയുംപോലെ ഇവയിലും പെൺ ചിലന്തികൾക്കാണ് വലിപ്പം കൂടുതൽ. കടലിനടിയിൽ ജീവിച്ചപ്പോഴും കരയിൽ കയറുന്ന സമയത്ത് ഇവ ചെറു പ്രാണികളെ വേട്ടയാടി ഭക്ഷിച്ചിരുന്നു. ഇതാണ് കടൽ പിൻവാങ്ങിയിട്ടും കരയിലെ ജീവിതവുമായി വേഗത്തിൽ ഇഴുകിച്ചേരാൻ ഈ ചിലന്തികൾ സഹായിച്ചതെന്നും ഗവേഷകർ കരുതുന്നു.

